Prot.No.MPL : 15/18/23

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ഒരിക്കൽ കൂടി നാം പരിശുദ്ധാത്മാവിന്റെ തിരുന്നാളായ പന്തക്കുസ്ത ആചരിക്കുകയാണല്ലോ. പരിശുദ്ധാത്മാവിന്റെ വരവിനെ പറ്റി അപ്പസ്തോലപ്രവർത്തനങ്ങൾ ഇപ്രകാരമാണ് വിവരിക്കുന്നത്: ''പന്തക്കുസ്ത സമാഗതമായപ്പോൾ ശ്ലീഹന്മാരെല്ലാവരും ഒരുമിച്ച് കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു''(2:1–4). പരിശുദ്ധാത്മ അഭിഷേകം സ്വീകരിച്ച ശ്ലീഹന്മാർ ഈശോയുടെ ഉത്ഥാനത്തിനു നിർഭയം സാക്ഷ്യം വഹിക്കാനും ദൈവവചനം ധീരമായി പ്രഘോഷിക്കാനും ദുഷ്ടാരൂപികളെ ബഹിഷ്കരിക്കാനും അത്ഭുതങ്ങൾ പ്രവർത്തിക്കാനും വിശ്വാസ സമൂഹത്തെ പരിപോഷിപ്പിക്കാനും പാവപ്പെട്ടവർക്ക് സേവനം ചെയ്യാനും പ്രാപ്തരായി. നമുക്കും ആത്മാവിന്റെ വരദാനങ്ങൾക്കായി പ്രാർത്ഥിക്കാം. ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവകൊണ്ട് നമ്മൾ നിറയാൻ ഇടവരട്ടെ.

നമ്മുടെ കുഞ്ഞുമക്കളുടെ വിദ്യാരംഭം കുറിക്കുന്ന എഴുത്തിനിരുത്ത് പന്തക്കുസ്തതിരുന്നാളിൽ നടത്തുന്നത് ക്രൈസ്തവ വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുയോജ്യമാണ്. അതിനായി നമ്മുടെ എല്ലാ ഇടവകാസമൂഹങ്ങളെയും മാതാപിതാക്കളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. പരിശുദ്ധാത്മാഭിഷേകം വഴി ആത്മാവിനാൽ നിറഞ്ഞ് തിന്മയുടെ എല്ലാ പൈശാചിക ശക്തികളെയും അതിജീവിക്കാൻ നമ്മുടെ കുഞ്ഞുങ്ങൾക്ക് കഴിയട്ടെ.

യുവജനങ്ങളെ വിശ്വാസ സമൂഹത്തിന്റെ മുഖ്യധാരയിൽ ചേർത്തുനിറുത്താൻ നാം ഓരോരുത്തരും പ്രത്യേകിച്ച് ഇടവകാസമൂഹങ്ങൾ പരിശ്രമിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ രൂപതയിലെ യുവജനങ്ങളുടെ സഭാഭാഗഭാഗിത്വത്തെപ്പറ്റി കൂടുതൽ അറിവു ലഭിക്കാനായി യുവജനങ്ങൾക്കിടയിൽ നടത്തിയ Syro Malabar Youth Survey യുടെ ഫലം വളരെ പ്രോത്സാഹജനകമാണ്. വിശ്വാസജീവിതത്തിൽ ആഴപ്പെടാനും വചനാധിഷ്ഠിതമായി ജീവിക്കാനും കൗദാശികജീവിതത്തിൽ വളരാനും ഇടവകാ പ്രവർത്തനങ്ങളിൽ ചേർന്നുനില്ക്കാനും വിവിധ സഭാശുശ്രൂഷകളിൽ പങ്കുകാരാകാനും നമ്മുടെ യുവജനങ്ങൾ ഏറെ ഉത്സുകരാണ്. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെപ്പോലെ നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായുടെ ശിഷ്യത്വത്തിൽ ആഴപ്പെടാൻ അവർ തീവ്രമായി ആഗ്രഹിക്കുന്നുണ്ട്. മതനിരപേക്ഷമായ ഓസ്ട്രേലിയായിലെ സെക്കുലർ സംസ്കാരം ഇതിനെതിരെ ഏറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട് എന്നതിനെപ്പറ്റിയും അവർക്ക് അവബോധമുണ്ട്. നമ്മുടെ രൂപതാ യുവനേതൃസമ്മേളനം മെയ് 11,12,13 തിയതികളിൽ മെൽബണിൽ വച്ച് നടന്നതിൽ വിവിധ ഇടവകാസമൂഹങ്ങളിൽ നിന്നെത്തിയ 60 യുവനേതാക്കൾ പങ്കെടുക്കുകയുണ്ടായി. പ്രാർത്ഥനയും പഠനങ്ങളും ചർച്ചകളും വിനോദവുമായി ചെലവഴിച്ച ആ മൂന്നു ദിവസങ്ങളിൽ അവരോടൊപ്പമായിരിക്കാൻ എനിക്കും ഭാഗ്യം ലഭിച്ചു. ആത്മാർത്ഥയും വിശ്വാസചൈതന്യവും സമർപ്പണബോധവുമുള്ളവരാണ് നമ്മുടെ യുവതി യുവാക്കൾ എന്നെനിക്ക് ബോധ്യമായി. രൂപതാ യൂത്ത് ഡയറക്ടറെയും യുവജനപ്രേഷിതത്വത്തിൽ സഹായിക്കുന്ന എല്ലാവരെയും ബഹുമാന അച്ചന്മാരെയും മാതാപിതാക്കളെയും ഞാൻ നന്ദിയോടെ ഓർക്കുന്നു. യുവജനങ്ങൾ ഇടവകയുടെ മുഖ്യധാരയിൽ വളരാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല സമൂഹത്തിന്റെ നേതൃത്വം വഹിക്കുന്ന മുതിർന്ന തലമുറയിലെ എല്ലാവർക്കുമുണ്ടെന്ന കാര്യം ഞാൻ അനുസ്മരിപ്പിക്കുന്നു.

ഒരു ചരിത്ര സംഭവം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ എനിക്ക് ഏറെ സന്തോഷമുണ്ട്. 1817 അവസാനത്തിലാണ് ഒരു കത്തോലിക്കാ വൈദികൻ (Father JEREMIAH O' FLYNN) ഓസ്ട്രേലിയൻ മണ്ണിൽ ആദ്യമായി കാലുകുത്തുന്നത്. അന്നിവിടെ കത്തോലിക്കാ സമൂഹത്തിന് ആരാധനാസ്വാതന്ത്ര്യം ഇല്ലാത്ത കാലമായിരുന്നു. അതിനാൽ അന്നത്തെ ഭരണകൂടം ഫാദർ ജെറമിയായ്ക്ക് കൗദാശികപരികർമ്മത്തിന് അനുവാദം നിഷേധിച്ചു. അതു വകവെക്കാതെ അദ്ദേഹം സിഡ്നി പരിസരങ്ങളിലായി അന്നുണ്ടായിരുന്ന 6000 ഓളം കത്തോലിക്കർക്കായി രഹസ്യമായി കുർബാന അർപ്പിക്കാനും മാമ്മോദീസ നല്കാനും മറ്റു കൂദാശകൾ പരികർമ്മം ചെയ്യാനും തുടങ്ങി. വൈദികന്റെ സാന്നിദ്ധ്യവും

ശുശ്രൂഷയും കത്തോലിക്കർക്ക് ആവേശം നല്കി. നിർഭാഗ്യവശാൽ രാഷ്ട്രീയധികാരികൾ 1818ൽ ഫാദർ ജെറമിയെ തടവിലാക്കുകയും നാടുകടത്തുകയും ചെയ്തു. നാടുകടത്തപ്പെടുന്നതിനു മുമ്പ് വൈദികൻ ഒരു വീട്ടിൽ രഹസ്യമായി ബലി അർപ്പിക്കുകയും വിശ്വാസികളുടെ ആരാധനക്കായി ആ വീട്ടിൽ വിശുദ്ധ കുർബാന സൂക്ഷിക്കുകയും ചെയ്തു. ആ ഭവനം നിന്നിരുന്ന സ്ഥലത്ത് പിന്നീടു നിർമ്മിതമായ സിഡ്നിയിലെ സെന്റ് പാട്രിക്ക് ദൈവാലയത്തിൽ ഓസ്ട്രേലിയായിലെ എല്ലാ കത്തോലിക്കാ മെത്രാന്മാരോടുമൊപ്പം ഈ മെയ് 6–ാം തിയതി ഞായറാഴ്ച കുർബാനയിൽ പങ്കുചേരാൻ എനിക്കും ഭാഗ്യം ലഭിച്ചു. ക്രൈസ്തവ ജീവിതത്തിന്റെ ഉച്ചിയും ഉറവയുമായ വിശുദ്ധ കുർബാന ഓസ്ട്രേലിയൻ മണ്ണിൽ ആദ്യമായി അർപ്പിച്ചതിന്റെ ഇരുന്നൂറാം വാർഷികമായിരുന്നു അത്. നാടും വീടും വിട്ട് ഈ ഓസ്ട്രേലിയൻ മണ്ണിൽ കാലുകുത്താനും ഇവിടെ ജീവിക്കാനും വളരാനും നമ്മെ അനുഗ്രഹിച്ച ദിവ്യകാരുണ്യ ഈശോയ്ക്ക് നമുക്ക് നന്ദി പറയാം.

എല്ലാവർക്കും പന്തക്കുസ്ത തിരുന്നാളിന്റെ ആശംസകൾ!

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നമ്മോടൊത്തുണ്ടാകട്ടെ, അമ്മേൻ!

സ്നേഹത്തോടെ നിങ്ങളുടെ പിതാവ്

**+ ബോസ്കോ പുത്തൂർ** 13 മെയ് 2018

N.B: ഈ ഇടയലേഖനം 2018 മെയ് 20 ഞായറാഴ്ചവിശുദ്ധ കുർബാനയ്ക്കിടെ വായിക്കേണ്ടതാണ്.